# Deepika

## 28 August 2018

## Thiruvananthapuram : After flood, Relief operations, Flood relief fund

# 10,000 രൂപ ഉടൻ ലഭ്യമാക്കണം: മുഖ്യമന്ത്രി

● വീടുകളിലേക്കു മടങ്ങാനാകുന്നവർ രണ്ടു ദിവസത്തിനകം തിരിച്ചുപോകണം

സ്വന്തം ലേഖകൻ

**തിരുവനന്തപുരം:** ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിഞ്ഞവർക്ക് സർക്കാർ പ്രഖ്യാപിച്ച പതിനായിരം രൂപ അടുത്ത ദിവസം തന്നെ എല്ലാവർക്കും ലഭ്യമാക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. വീടുകളിലേക്കു തിരിച്ചുപോകാൻ സാഹചര്യമുള്ള മുഴുവനാളുകളും രണ്ടു ദിവസത്തിനകം തിരിച്ചുപോകുമെന്ന് ഉറപ്പാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ദുരിതാശ്വാസ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനായി ജില്ലാ കളക്ടർമാരുമായി നടത്തിയ വീഡിയോ കോൺഫറൻസിലാണ് മുഖ്യമന്ത്രി ഈ നിർദേശങ്ങൾ നൽകിയത്.

തുടർച്ചയായ ബാങ്ക് അവധി കാരണം പതിനായിരം രൂപ കൈമാറാൻ കഴിഞ്ഞിട്ടില്ലെന്നു മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. വീട് പൂർണമായും തകർന്നുപോയവരുടെ വിവരശേഖരണം ഉടൻ പൂർത്തിയാക്കണം. അതതു പ്രദേശങ്ങളിൽ അവർക്ക് താമസസൗകര്യം ഉണ്ടാക്കണം. സ്കൂളുകളല്ലാത്ത സ്ഥലം ഇതിനുവേണ്ടി കണ്ടെത്തണം. കല്യാണമണ്ഡപങ്ങളും പൊതുഹാളുകളും കിട്ടാൻ ശ്രമിക്കുന്നതോടൊപ്പം ആൾതാമസമില്ലാത്ത വലിയ വീടുകൾ ഈ ആവശ്യത്തിന് കിട്ടുമോ എന്നും നോക്കണം. നാശനഷ്ടത്തിന്റെ കണക്ക് താമസം കൂടാതെ കൃത്യമായി ശേഖരിക്കണം. ഓരോ മേഖലയ്ക്കും വന്ന നഷ്ടം കൃത്യമായി തിട്ടപ്പെടുത്തണം.

ക്യാമ്പുകളിൽനിന്നു മടങ്ങിപ്പോകുന്നവർക്ക് ഭക്ഷണക്കിറ്റുകൾ നൽകുന്നുണ്ടെങ്കിലും ഭക്ഷണം പാകം ചെയ്യാനുള്ള പാത്രമോ മറ്റു സൗകര്യങ്ങളോ വീടുകളിലുണ്ടാകില്ല. ഈ സാഹചര്യം മനസിലാക്കി കളക്ടർമാർ ഉണർന്നു പ്രവർത്തിക്കണം.

വെള്ളം കയറി നശിച്ചു പോയ വാഹനങ്ങളുടെ ഇൻഷ്വറൻസ് തുക വേഗം ലഭ്യമാകുന്നതിന് നടപടി വേണം. നശിച്ചുപോയ കിടക്ക, ഇലക്ട്രോണിക് ഉപകരണങ്ങൾ, മറ്റ് വീട്ടുപകരണങ്ങൾ എന്നിവ ശേഖരിച്ച് പൊതുസ്ഥലത്ത് തത്കാലം സൂക്ഷിക്കണം. ഒരു പഞ്ചായത്തിൽ ഒന്നോ അതിലധികമോ സ്ഥലം ഇതിനുവേണ്ടി കണ്ടെത്തണം.

അഴുകുന്നതും അഴുകാത്തതുമായ സാധനങ്ങൾ വേർതിരിച്ചാണ് ശേഖരിക്കേണ്ടത്. അഴുകുന്ന മാലിന്യം പെട്ടെന്നു സംസ്കരിക്കണം. പ്രാദേശിക സ്ഥാപനങ്ങൾ വഴിയാണ് ഈ പ്രവർത്തനം നടക്കുന്നത്. കളക്ടർമാർ അതിനു നേതൃത്വം നൽകണം. കിണർ ശുചിയാക്കുന്നതുവരെ കുടിവെള്ളം വീടുകളിൽ എത്തിക്കണം.

അത്യാവശ്യ സാധനങ്ങൾക്ക് വില കൂട്ടി വിൽക്കുന്ന സ്ഥലങ്ങളിൽ കളക്ടർമാർ ശക്തമായി ഇടപെടണം. കടകൾ മുഴുവൻ അടഞ്ഞുകിടക്കുന്ന പ്രദേശങ്ങളിൽ പൊതുവിതരണ സംവിധാനത്തിലൂടെ ജനങ്ങൾക്കു ബദൽ സൗകര്യം ഏർപ്പെടുത്തണം. ദുരന്തം നേരിടുന്നതിൽ അവിശ്രമം നല്ല ഏകോപനത്തോടെ പ്രവർത്തിച്ച കളക്ടർമാരെ മുഖ്യമന്ത്രി അഭിനന്ദിച്ചു.

വീഡിയോ കോൺഫറൻസിൽ കാസർഗോഡ് ഒഴികെയുള്ള എല്ലാ ജില്ലകളിലേയും കളക്ടർമാർ പങ്കെടുത്തു.

മുഖ്യമന്ത്രിയോടൊപ്പം വ്യവസായമന്ത്രി ഇ.പി. ജയരാജൻ, ചീഫ് സെക്രട്ടറി ടോം ജോസ്, ആരോഗ്യ അഡീഷണൽ ചീഫ് സെക്രട്ടറി രാജീവ് സദാനന്ദൻ, നളിനി നെറ്റോ, വി.എസ്. സെന്തിൽ, എം. ശിവശങ്കർ, മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി എം.വി. ജയരാജൻ തുടങ്ങിയവർ പങ്കെടുത്തു. ഇടുക്കിയിൽ റവന്യുമന്ത്രി ഇ. ചന്ദ്രശേഖരൻ, വൈദ്യുതിമന്ത്രി എം.എം. മണി എന്നിവരും ഉണ്ടായിരുന്നു.

ഉച്ചകഴിഞ്ഞു പോലീസ് ആസ്ഥാനത്ത് ജില്ലാ പോലീസ് മേധാവികൾ ഉൾപ്പെടെയുള്ള ഉന്നത പോലീസ് ഉദ്യോഗസ്ഥരുമായി ദുരിതാശ്വാസത്തേക്കുറിച്ചും പുനരധിവാസത്തേക്കുറിച്ചും മുഖ്യമന്ത്രി വീഡിയോ കോൺഫറൻസ് നടത്തി.